കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov

# കൊടകര ബ്ലോക്ക്പഞ്ചായത്ത്

# 2017-18

# ഓഡിറ്റ് റിപ്പോർട്ട്

## ജില്ലാ ഓഡിറ്റ് കാര്യാലയം,തൃശ്ശൂർ

**email: dotsr. ksad@kerala.gov.in**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നം.കെ. എസ്. എ. ടി. എസ്. ആർ (ബി.പി2)03/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ - 680 020
ഫോൺ: 0487 2331249

Email: dotsr.ksad@kerala.gov.in
തീയതി:12.03.2019

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ്/ സെക്രട്ടറി മുഖേന
കൊടകര ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : കൊടകര ബ്ലോക്ക്പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ
ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

.......

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൊടകര ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3ലെ 3-1, 3-2, 3-9 ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ബ്ലോക്ക്പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ ബ്ലോക്ക്പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ.

പകർപ്പ്

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ,തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2)അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർ (ജനറൽ), തൃശ്ശൂർ
3)കാര്യാലയ പകർപ്പ്

നം.കെ. എസ്. എ. ടി. എസ്. ആർ (ബി.പി2)03/2019 തിയ്യതി: 12.03.2019

# തൃശ്ശൂർ ജില്ലയിലെ കൊടകര ബ്ലോക്ക്പഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ വരവ് ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

**(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)**

തൃശ്ശൂർ ജില്ലയിലെ കൊടകര ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ബ്ലോക്ക് പഞ്ചായത്തിന്റെ 04.04.2018 മുതൽ 04.12.18 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 31.3.18 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 11 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.രാജഗോപാലൻ സി.<br>ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 04.12.2018 മുതൽ 11.12.2018 വരെ |

**ഓഡിറ്റ് നടത്തിയഉദ്യോഗസ്ഥർ**

| | |
|---|---|
| ശ്രീമതി.ലിസി ടി.ജെ | ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ) |
| ശ്രീ.ശിവദാസൻ എ.കെ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ.സുനിൽകുമാർ.കെ.സി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീമതി. ധന്യ. എ. സുരേന്ദ്രൻ | ഓഡിറ്റർ |

**(ബി)നിർവ്വഹണാധികാരികൾ**

**പ്രസിഡന്റ്**

| പേര് | കാലയളവ് |
|---|---|
| ശ്രീമതി .അമ്പിളി സോമൻ | 01.04.2017 മുതൽ 31.03.2018വരെ |

**സെക്രട്ടറി**

| പേര് | കാലയളവ് |
|---|---|
| ശ്രീ.കണ്ണൻ നായർ | 01-04-2017മുതൽ 30.04.2017 വരെ |
| ശ്രീ.സിറിയക്.ടി.കുര്യാക്കോസ് | 01.05.2017 മുതൽ 23.05.2017 വരെ |
| ശ്രീമതി.സൂസമ്മ ഐസക് | 24.05.2017 മുതൽ 31.03.2018 വരെ |

**നിർവ്വഹണ ഉദ്യോഗസ്ഥർ**

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | ശ്രീ.ജോജി പോൾ | 01.04.2017മുതൽ 31.03.2018വരെ |
| പട്ടികജാതി വികസന ഓഫീസർ | ശ്രീ. ലാസർ .വി.എ | 01.04.2017 മുതൽ 31.03.2018 വരെ |
| ശിശു വികസന ഓഫീസർ | ശ്രീമതി.ദേവി.എൻ | 01.04.2017മുതൽ 31.03.2018വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി.ഫെമി.വി.മാത്യു | 01.04.2017 മുതൽ 31.03.2018വരെ |
| അസി.ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ | ശ്രീമതി .ഷൈനി ജേക്കബ് | 01.04.2017 മുതൽ 07.05.2017വരെ |
| | ശ്രീമതി.ഷേർളി ആർ | 08/05/2017 മുതൽ 15/06/2017 വരെ |
| | ശ്രീമതി.രമ കെ.നായർ | 16/06/2017 മുതൽ 31.03.2018 വരെ |
| സൂപ്രണ്ട്, സി.എച്ച്.സി | ഡോ.എ.സി. സരള | 01.04.2017മുതൽ 31.03.2018വരെ |

**ഉള്ളടക്കം**


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ചത് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | ആഭ്യന്തര നിയന്ത്രണം | 1-7 |
| 8 | മറ്റു ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-8 |
| 9 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ | 1-9 |
| 10 | സാംഖ്യ രസീതികളിലെ അപാകതകൾ | 2-1 |
| | ഭാഗം 3 | |

| | | |
|---|---|---|
| 11 | കുട്ടികളുടെ കായിക പരിശീലനം | 3-1 |
| 12 | ബ്ലോക്ക് ഹാൾ നവീകരണം പഞ്ചായത്ത് കമ്മിറ്റി വ്യക്തമായ കാരണം വെളിപ്പെടുത്താതെ താഴ്ന്ന ടെൻഡർ തള്ളി. | 3-2 |
| 13 | 2017-18 വർഷം നടപ്പിലാക്കിയ ഭവനപദ്ധതികളുമായി ബന്ധപ്പെട്ട പ്രധാന പോരായ്മകൾ | 3-3 |
| 14 | പ്രോജക്ടുകൾക്ക് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. | 3-4 |
| 15 | കില ഡയറക്ടർക്ക് തുക നൽകി :വിശദാംശങ്ങളില്ല. | 3-5 |
| 16 | താലൂക്ക് ആശുപത്രിയിലേയ്ക്ക് മരുന്നും റീയേജന്റുകളും വാങ്ങൽ | |
| 17 | ഓട്ടിസം പാർക്ക് | 3-7 |
| 18 | പെയിൻ ആന്റ് പാലിയേറ്റീവ് കെയർ പദ്ധതി | 3-8 |
| 19 | ബ്ളോക്ക് പഞ്ചായത്തിന്റെ ചുമതലകളിൽ ഉൾപ്പെടാത്ത പ്രവർത്തികളുടെ നിർവ്വഹണം-സർക്കാർ അനുമതി ലഭ്യമാക്കിയില്ല. | 3-9 |
| 20 | ടെൻഡർ ഫോറങ്ങളുടെ വിൽപ്പന-തുക ലഭ്യമായിട്ടില്ല. | 3-10 |
| 21 | ഗ്രാമപഞ്ചായത്തും ബ്ളോക്ക്പഞ്ചായത്തും ഒരേ പദ്ധതികൾ ഏറ്റെടുത്തു-ആവർത്തനം ഒഴിവാക്കേണ്ടതാണ്. | 3-11 |
| 22 | കൃഷി അസി.ഡയറക്ടർ നടപ്പിലാക്കിയ പദ്ധതി-ഗ്രാമപഞ്ചായത്തുകളിൽ നിന്നും വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല. | 3-12 |
| 23 | മുൻകൂർ ക്രമീകരിച്ചിട്ടില്ല. | 3-13 |
| | ഭാഗം 4 | |
| 24 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം. | 4-1 |
| 25 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 26 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 27 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 28 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 29 | ഓഡിറ്റ് റിക്കവറി | 4-6 |
| 30 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-7 |
| 31 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 32 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 33 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| 34 | അനുബന്ധം-1 | |
| 35 | അനുബന്ധം-2 | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

ഈ വർഷത്തെ ബജറ്റ് 27-03-2017 തിയ്യതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരം ആകെ വരവ് 35,79,10,000/- രൂപയും ചെലവ് 35,75,68,000/- രൂപയുമാണ്. യാതൊരു ശാസ്ത്രീയ മാനദണ്ഡങ്ങളും പാലിക്കാതെ ബജറ്റു തയ്യാറാക്കുന്നതു മൂലം യഥാർത്ഥ വരവു ചെലവുമായി 400-500 ശതമാനം വ്യത്യാസമാണ് കാണുന്നത്. ബജറ്റു തയ്യാറാക്കുന്നതിനു പുറപ്പെടുവിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തിയതി | ലഭിച്ച തിയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തിയതി | അപാകത പരിഹരിച്ച് ലഭിച്ച തിയതി |
|---|---|---|---|
| 31.07.18 | 02.06.2018 | | |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 14.9.2018 & 15.9.2018 | കെ എസ് എടി എസ് ആർ (ഇ)3-1517/18/4.10.2018 |

## 1-4 സാമ്പത്തികവിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 4,68,97,442 |
| വരവ് | 8,27,80,056 |
| ആകെ | 12,96,77,498 |
| ചെലവ് | 9,38,17,179 |
| നീക്കിയിരിപ്പ് | 3,58,60,319 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ്(അലോട്ട്മെന്റ്) | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് ജനറൽ | 0 | 4,18,78,509 | 4,18,78,509 | 4,00,47,060 | 18,31,449 |
| എസ്.സി.പി. | 0 | 16,24,5000 | 1,62,45,000 | 1,40,54,194 | 21,90,806 |
| ടി.എസ്.പി. | 0 | 7,60,000 | 7,60,000 | 7,60,000 | 0 |
| മെയിന്റനൻസ് (റോഡിതരം) | 0 | 53,36,000 | 53,36,000 | 53,24,333 | 1,166 |
| മെയിന്റനൻസ്,റോഡ് | 0 | 0 | 0 | 0 | 0 |
| സാക്ഷരത | 99,786 | 47,324 | 1,47,110 | 17,900 | 1,29,210 |
| ജിഎസ് ടി | 0 | 88,931 | 88,931 | 43,320 | 45,611 |
| ഐ എ വൈ അഡ്മിനിസ്ട്രേഷൻ | 23,442 | 343 | 23,785 | 23,730 | 55 |

| | | | | | |
|---|---|---|---|---|---|
| പി എം കെ എസ് വൈ | | 6,456 | 423 | 6,879 | 53 | 6,826 |
| എസ് ജി എസ് വൈ | | 1,27,124 | 4,735 | 1,31,859 | 0 | 1,31,859 |
| പ്ളാൻ | | 2,98,269 | 11,295 | 3,09,564 | 0 | 3,09,564 |
| ഐ എ വൈ പ്ളാൻ ഫണ്ട് | | 3,34,28,171 | 48,42,734 | 3,82,70,905 | 73,84,621 | 3,08,86,284 |
| സി.ഡി.പി ഗ്രാന്റ് | | 20,51,410 | 77,272 | 21,28,682 | 49,646 | 20,79,036 |
| ഐ ഡബ്ളിയു.എം.പി | | 25,00,834 | 5,54,990 | 30,55,824 | 30,21,766 | 34,058 |
| ഐ എ വൈ സംസ്ഥാന വിഹിതം | | 29,80,467 | 49,917 | 30,30,384 | 30,25,071 | 5,313 |
| എസ് ഐ.ജി ഫോർ എസ്.എച്ച്.ജി | | 4,555 | 170 | 4,725 | 0 | 4,725 |
| SBI (AMBI) | | 1,858 | 0 | 1,858 | 1,858 | NIL |
| ടി എസ് സി | | 27,05,715 | 1,07,091 | 28,12,806 | 9,96,770 | 18,16,036 |
| ജോയന്റ് വെഞ്ചർ | ഗ്രാമപഞ്ചായത്ത് | 71,07,036 | 51,41,774 | 1,22,48,810 | 65,83,328 | 56,65,482 |
| | ജില്ലാപഞ്ചായത്ത് | 1,81,74,381 | 99,96,000 | 2,81,70,381 | 60,61,141 | 2,21,09,240 |
| തനത്ഫണ്ട് | ബാങ്ക് അക്കൗണ്ട് | 1,80,682 | 8,54,743 | 10,35,425 | 9,56,300 | 79,125 |
| | ട്രഷറി അക്കൗണ്ട് | 24,88,573 | 63,65,811 | 88,54,384 | 85,90,296 | 2,64,088 |
| മറ്റിനം | ഗുണഭോക്തൃ വിഹിതം | 4,78,709 | 2,20,000 | 6,98,709 | 2,90,418 | 4,08,291 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 110 | 120483627 | 65 | 63260740 | 26 | 19 | 59% |

# 1-7 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണം തൃപ്തികരമാണ്.

# 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ കാലയളവ് | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19.02.2018 മുതൽ 28.02.2018 വരെ | 2016-17 | 28.05.2018 |
| അക്കൗണ്ടന്റ് ജനലിന്റെ ഓഡിറ്റ് | 08.02.2018 | 2012-13 മുതൽ 2016-17 വരെ | 18.03.2018 |

# 1-9 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ അപാകതകൾ

**കൊടകര ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.**

1. വാർഷിക ധനകാര്യ പത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62(എഫ്)).

2. ആഭ്യന്തര നിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും പേജ് അടിസ്ഥാനത്തിൽ തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് ( കേരള പഞ്ചായത്ത് രാജ്

അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 58(2)(ഇ),(ജി)). നിലവിൽ താഴെ ചേർത്തിരിക്കുന്ന വരവിനങ്ങൾക്ക് ഇപ്രകാരം രജിസ്റ്ററുകള് സൂക്ഷിക്കുന്നില്ല.

| ക്രമ നമ്പർ | ശീർഷകം | ഇനം | തുക |
|---|---|---|---|
| 1 | 130100101 | Rent from Buildings | 41400 |
| 2 | 130300101 | Rent from Auditoriam and halls | 5500 |
| 3 | 130400101 | Daily rentals from panchayath Properties | 1000 |
| 4 | 150110101 | Sale of tender forms | 35882 |
| 5 | 180400199 | Recovery from Employees-others | 5000 |

3. ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന സാക്ഷ്യപ്പെടുത്തിയ വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ക്രമ നമ്പർ | ശീർഷകം | ഇനം | തുക |
|---|---|---|---|
| 1 | 27200000 | Depreciation | 1482049 |

4. ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-7 പ്രകാരം 3,63,156/- രൂപ ഡെപ്പോസിറ്റ് ഇനത്തിൽ 31.03.2018 ൽ ബാക്കി ഉണ്ട്. എന്നാൽ ഡെപ്പോസിറ്റ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

5.ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-11 (എ) പ്രകാരം "412010101-Capital work in progress" എന്ന ശീർഷകത്തിൽ 37,01,903/-രൂപ ബാക്കി ഉണ്ട്. എന്നാൽ ഏതെല്ലാം പ്രവൃത്തികളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുന്ന രേഖകൾ ഇല്ല.

6. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്.

7. ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-18 പ്രകാരം "460500501-Advance to implementing officers" എന്ന ശീർഷകത്തിൽ 4,45,221/- രൂപ ബാക്കി ഉണ്ട്. അഡ്വാൻസ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. തുക നൽകിയതിന്റെ വൗച്ചർ പരിശോധിച്ച് അഡ്വാൻസ് രജിസ്റ്റർ തയ്യാറാക്കേണ്ടതാണ്.

8. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

9. വാർഷിക കണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

9.1 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2017-18 കാലയളവിലെ " Net increase in cash and cash equivents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 1,10,37,123/- രൂപയാണ്. എന്നാൽ ഇതെ പത്രികയിൽ 2017-18 കാലയളവിൽ "Net cash generated by Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 96,18,768/- രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

10. ബാങ്ക് അക്കൗണ്ടുകളുടെ 31.03.2018 ലെ റീക്കൺസീലിയേഷനിൽ താഴെ ചേർത്തിരിക്കുന്ന അപാകതകൾ കാണുന്നു.

10.1 താഴെ ചേർത്തിരിക്കുന്ന കാലാവധി കഴിഞ്ഞ ചെക്ക് തുക "Liability in respect of stale cheque" എന്ന ബാധ്യത ശീർഷകത്തിലേയ്ക്ക് മാറ്റി ബാങ്ക് ബുക്ക് നീക്കിയിരിപ്പ് ക്രമീകരിച്ചിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011 (ചട്ടം 46)). ആയത് ക്രമീകരിക്കേണ്ടതാണ്.

| ചെക്ക് നമ്പർ | തീയ്യതി | തുക | ബാങ്ക് |
|---|---|---|---|
| 8068547 | 17/11/2017 | 13414 | ട്രഷറി സ്പെഷൽ ടി.എസ്.ബി (723051400000009 |

11. ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-4 പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ, ഗുണഭോക്തൃവിഹിതം എന്നീ ഇനങ്ങളിൽ ചെലവഴിക്കാൻ 31.03.2018 ൽ ബാക്കിയുള്ള തുക, ഈയാവശ്യത്തിനായി തുടങ്ങിയിട്ടുള്ള ബാങ്ക് അക്കൗണ്ടുകളുടെ 31.03.2018 ലെ നീക്കിയിരിപ്പ് തുകകളും തുല്യമാകേണ്ടതുണ്ട്. അപ്രകാരം തുല്യമാകാത്തവയുടെ വിവരങ്ങൾ ചേർക്കുന്നു. ഇപ്രകാരം പ്രത്യേകോദ്ദേശ്യ വിഹിതങ്ങൾ, ഗുണഭോക്തൃവിഹിതം എന്നിവ തനത് ഫണ്ടിൽ നിക്ഷേപിച്ച സംഗതികളിൽ അപ്രോപ്രിയേഷൻ കൺട്രോൾ ജരിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

| ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-4 | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ |
|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | | | ബി-17 | | |
| ക്രമ നമ്പർ | ശീർഷകം | ഇനം | തുക | ശീർഷകം | ബാങ്ക് അക്കൗണ്ട് | തുക |
| 1 | 320100102 | CSS-SGSY | 3515 | 450610101 | SBI(SGSY) | 131859 |
| 2 | 320100115 | CSS-TSC | 1812689 | 450610105 | PNB-TSC | 1816036 |
| 3 | 320100118 | CSS-IWMP | 40884 | 450610107 | SBI-IWMP | 34058 |
| 4 | 320100126 | CSS-PYCKA | 128344 | ഇതിനായി പ്രത്യേകോദ്ദേശ്യ ബാങ്ക് അക്കൗണ്ട് ഇല്ല. അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. | | |
| 5 | 320700203 | Contribution for JVP (Revenue) Village panchayat | 200000 | | | |
| 6 | 320700403 | Contribution for OSP (Revenue) from Village panchayath | 2982299 | | | |
| 7 | 320700405 | Contribution for OSP (Revenue) from jilla panchayath | 14457008 | | | |
| 8 | 320800101 | Beneficiary Contribution | 408291 | | | |

11.1 താഴെ ചേർത്തിരിക്കുന്ന ബാലൻസ്ഷീറ്റ് ബി-17 പ്രകാരമുള്ള പ്രത്യേകോദ്ദേശ്യ പദ്ധതികൾക്കുള്ള ബാങ്ക് അക്കൗണ്ട് നീക്കിയിരിപ്പ് തുകകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം ബാലൻസ്ഷീറ്റ് ബി-4 ൽ കാണുന്നില്ല.

| ക്രമ നമ്പർ | ശീർഷകം | ബാങ്ക് അക്കൗണ്ട് | തുക | കുറിപ്പ് |
|---|---|---|---|---|
| 1. | 450210103 | SBI-GST | 45611 | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 "350800299-Other liabilities" ൽ 82,75,873/- രൂപയാണ് ബാക്കി കാണുന്നത്. |
| 2. | 450410103 | PNB-PMKSY | 6826 | |
| 3. | 450610104 | PNB-IAY PLAN | 30886284 | |
| 4. | 450610108 | PNB-IAY STATE SHARE | 5313 | |
| 5. | 450650109 | TRY SPL TSB FOR JVP | 68529 | |

12. താഴെ ചേർത്തിരിക്കുന്ന ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നിർവ്വഹണ ഏജൻസികൾക്ക് മുൻകൂർ തുക നൽകുമ്പോൾ "460500204-Advance to implementing Agencies"എന്ന ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തുകയും ഏജൻസിയിൽനിന്നും വിനിയോഗ പൂർത്തികരണ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് മാത്രം അതാത് ചെലവ്, ആസ്തി ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തുകയും ചെയ്യുന്നതിന് പകരം, മുൻകൂർ നൽകുമ്പോൾ തന്നെ ബന്ധപ്പെട്ട ചെലവ്, ആസ്തി ശീർഷകത്തിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതായി കാണുന്നു. മാത്രമല്ല മുൻകൂർ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നുമില്ല. ഇപ്രകാരം ചെയ്യുന്നതിനാൽ മുൻകൂർ തുകകളുടെ വിനിയോഗം നിരീക്ഷിക്കാൻ കഴിയാതെ വരുന്നു. ഇപ്രകാരം രേഖപ്പെടുത്തലുകൾ വരുത്തുന്നതിനുള്ള ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രൊജക്ട് | വൗച്ചർ നമ്പർ | ഡെപ്പോസിറ്റ് തുക | ചെലവ് രേഖപ്പെടുത്തിയ ശീർഷകം | ചെലവ് രേഖപ്പെടുത്തേണ്ടിയിരുന്ന ശീർഷകം |
|---|---|---|---|---|---|
| 1. | എസ്.ഒ 18/18 എച്ചിപ്പാറ കുടിവെള്ള പദ്ധതി | 21700980 | 700000 | 412010101-Capital work in progress | 460500204-Advance to implementing Agencies |
| 2. | എസ്.ഒ 108/18 ഇഞ്ചക്കുണ്ട് പൈപ്പലൈൻ എക്സ്റ്റെൻഷൻ | 21700747 21700758 | 680000 | 412010101-Capital work in progress | 460500204-Advance to implementing Agencies |
| 3. | എസ്.ഒ 109/18 കല്ലൂർ നയനാർ എസ് .സി കോളനി | 21700746 | 656000 | 412010101-Capital work in progress | 460500204-Advance to implementing Agencies |

| | | | | | |
|---|---|---|---|---|---|
| | കുടിവെള്ള പദ്ധതി | | | | |

## ഭാഗം -2

# വരവു കണക്കുകളിൻമേല്ലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 സാംഖ്യ രസീതികളിലെ അപാകതകൾ

സാംഖ്യ രസീതികളിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) cancelled receipt report പ്രകാരം ക്യാൻസൽ ചെയ്തിട്ടുള്ള രസീതികൾ പരിശോധനക്ക് ലഭ്യമാക്കിയില്ല. രസീതികൾ ഹാജരാക്കേണ്ടതാണ്.

| ക്രമ നമ്പർ | രസീതി നമ്പർ |
|---|---|
| 1 | 117030100206 |
| 2 | 117030100250 |
| 3 | 117030100267 |
| 4 | 117030100006 |
| 5 | 117030900053 |

2) സാംഖ്യ തശീതി നമ്പർ 118030900068 പ്രകാരം 28/11/18 ന് ടെണ്ടർഫോമിന്റെ വിലയായി 2,240/- രൂപ വരവ് വന്നിട്ടുണ്ട്. എന്നാൽ ഡേബുക്കിൽ 118030900068 എന്ന നമ്പറിനു പകരം 118030100138 എന്ന നമ്പറാണ് കാണുന്നത്. വ്യത്യാസത്തിനു വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

3) സ്റ്റോക്ക് നമ്പർ ക്രമ പ്രകാരമാണെങ്കിലും രസീതിനമ്പർ പലതിലും ക്രമ പ്രകാരം വന്നിട്ടില്ല.

മേൽ അപാകതകൾക്ക് എൻക്വയറി നൽകിയതിന്(എൻക്വയറി നമ്പർ4/6.12.18) സാങ്കേതിക തകരാറുമൂലം സംഭവിച്ച പിഴവുകളാണെന്നു മറുപടി നൽകിയിരിക്കുന്നു. കൂടാതെ ക്രമ നമ്പർ 1ൽ പറഞ്ഞിട്ടുള്ള അപാകതകളിൽ 1 മുതൽ 4 വരെയുള്ളവ ക്യാൻസൽ ചെയ്തിട്ടുള്ളവയല്ലെന്നും ക്യാഷ്ബുക്കിൽ വന്നിട്ടുള്ളവയാണെന്നും മറുപടി നൽകിയിരിക്കുന്നു. സാങ്കേതിക തകരാർ IKM മായി ബന്ധപ്പെട്ട് പരിഹരിക്കേണ്ടതും പരിഹരിച്ച വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## ഭാഗം -3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 കുട്ടികളുടെ കായിക പരിശീലനം.

പ്രോജക്ട്. നമ്പർ.16/18

പ്രോജക്ട്. കുട്ടികളുടെ കായിക പരിശീലനം.

2017-18 വർഷം കുട്ടികളുടെ കായിക പരിശീലനം എന്ന പ്രോജക്ട് നടപ്പിലാക്കിയിട്ടുണ്ട്. സർക്കാർ ഉത്തരവ് നമ്പർ (എം.എസ്) നമ്പർ.80 /2017/ ത.സ്വ.ഭ.വ, തിയ്യതി. 03.04.2017 പ്രകാരം ബ്ലോക്ക് തല ടീം സെലക്ഷൻ ട്രയൽസും ചാമ്പ്യൻ ഷിപ്പും നടത്താവുന്നതും ഒരു ഗെയിംസ് ഇനത്തിന് 30,000/- രൂപ വീതം ചെലവഴിക്കാവുന്നതുമാണ്. എന്നാൽ ബ്ലോക്ക് പഞ്ചായത്ത് നടത്തിയ പ്രോജക്ടിൽ ഫുട്ബോളിന് മാത്രം വകയിരുത്തിയത് തൻവർഷം 5,50,000/- രൂപയും ആകെ പ്രോജക്ടിന് 10,00,000/- രൂപയുമാണ്. എന്നാൽ തദ്ദേശസ്വയം ഭരണ വകുപ്പിന്റെ 24/02/2018 ന്റെ 534/2018/ത.സ്വ.ഭ.വ നമ്പർ ഉത്തരവു പ്രകാരം പത്തുലക്ഷം രൂപ അടങ്കലിൽ ബഹുവർഷ പ്രോജക്ടായി നടത്തുന്നതിന് അനുവാദം നൽകിയിട്ടുണ്ട്. ഈ പ്രോജക്ടുമായി ബന്ധപ്പെട്ട് ഓഡിറ്റിൽ കണ്ടെത്തിയ പ്രധാന നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

എ)സഹപരിശീലകർക്കുള്ള പ്രതിഫലം അവരുടെ അക്കൗണ്ടിൽ നൽകിയിട്ടില്ല. ഓഡിറ്റിൽ തടസ്സപ്പെടുത്തിയ ചെലവ് തുക 27,000/- രൂപ.

ബിൽ നമ്പർ. 106/17-18 തി. 23.01.2018 തുക. 2,99,751/-

ഫുട്ബോൾ കോച്ചിംഗിനായി സെലക്ഷൻ, തുടർ പരിശീലനങ്ങൾ എന്നിവ നൽകുന്നതിനായി ഒല്ലൂർ എടക്കുന്നി വീട്ടിൽ പീതാംബരൻ എന്നയാളുമായി ചേർന്ന് ബ്ളോക്ക് പഞ്ചായത്ത് 17-07-2017 ന് കരാർ ഒപ്പിട്ടിട്ടുള്ളതാണ്. ഈ കരാറിലെ ഖണ്ഡിക രണ്ട് പ്രകാരം മുഖ്യപരിശീലകന് കോച്ചിംഗിന് പ്രതിദിനം 3,000/- രൂപ വെച്ചും, സഹ പരിശീലകർക്ക് 1,000/- രൂപ വെച്ചുമാണ് തീരുമാനിച്ചിരുന്നത്. ഡിസംബർ 26 മുതൽ ജനവരി 4 വരെ വരെ നടന്ന പത്തു ദിവസത്തെ ഫുട്ബോൾ പരിശീലനത്തിൽ പത്തു ദിവസത്തെ പരിശീലന ചാർജായി മുപ്പതിനായിരം രൂപ ശ്രീ പീതാംബരന്റെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. വൗച്ചർ നമ്പർ 11/04-01-2018 പ്രകാരം ശ്രീ.സോമൻ.കെ.എസ്, വൗച്ചർ നമ്പർ 12/04-01-2018 പ്രകാരം മുഹമ്മദ് ഷുഹൈബ്.സി എന്നീ സഹപരിശീലകൻമാർക്ക് 13,500/- രൂപ വീതം 27,000/- രൂപ നൽകിയതായാണ് കണക്കിൽ കാണിച്ചിട്ടുള്ളത്. എന്നാൽ ഈ തുക ഈ രണ്ടു വ്യക്തികളുടേയും ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് നൽകിയിട്ടില്ല. പ്രതിഫലം നേരിട്ട് അക്കൗണ്ടിലേക്ക്

ട്രാൻസ്ഫർ ചെയ്യണമെന്നിരിക്കെ ഈ തുക ആർക്ക് നൽകി എന്ന് വ്യക്തമല്ല. വ്യക്തികളുടെ അക്കൗണ്ടിലേക്ക് നേരിട്ട് പ്രതിഫലം നൽകാതിരുന്ന നടപടി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. മാത്രമല്ല 1,000/- രൂപ നിരക്കിൽ 20,000/- മതിയെന്നിരിക്കെ 7,000/- രൂപ അധികം നൽകിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. അധികം നൽകിയ 7,000/- രൂപ കിഴിച്ച് ബാക്കി 20,000/- രൂപ തടസ്സപ്പെടുത്തുന്നു.

ബി)അക്കൗണ്ടിലേക്ക് നൽകാത്ത പതിനഞ്ചായിരം രൂപ ആർക്ക് നൽകി എന്ന് വ്യക്തമല്ല. പതിനഞ്ചായിരം രൂപയുടെ ചിലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

ബിൽ നമ്പർ. 139/17-18 തിയ്യതി.21/02/2018 – തുക 20,000/-

ജനവരി മാസത്തിൽ അഞ്ച് ദിവസത്തെ തുടർ പരിശീലനത്തിന്റെ ഭാഗമായി ശ്രീ.പീതാംബരന് ദിവസമൊന്നിന് രണ്ടായിരം രൂപ വെച്ച് പതിനായിരം രൂപ, സഹപരിശീലകനായ ശ്രീജിത്തിന് 5,000/- രൂപ മറ്റൊരു സഹപരിശീലകന് 5,000/- രൂപ എന്നിങ്ങനെ നൽകിയതായി വൗച്ചർ ചേർത്തിട്ടുണ്ട്. എന്നാൽ ശ്രീ.പീതാംബരന് പ്രസ്തുത തുക 10,000/-രൂപ ബാങ്ക് അക്കൗണ്ടിലേക്ക് നൽകിയിട്ടില്ല. ശ്രീജിത്ത് എന്ന സഹപരിശീലകനാകട്ടെ അയ്യായിരം രൂപക്ക് പകരം പതിനായിരം രൂപ അക്കൗണ്ടിലേക്ക് നൽകിയിരിക്കുന്നു. ആകെ ഇരുപതിനായിരം രൂപയിൽ 15,000/- രൂപ എന്തു കൊണ്ട് അവരവരുടെ അക്കൗണ്ടിലേക്ക് നൽകിയില്ല എന്ന് വ്യക്തമല്ല.ആയതിനാൽ പതിനഞ്ചായിരം രൂപയുടെ ചിലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

സി) ബിൽ നമ്പർ 227/17-18 തിയ്യതി. 26.03.2018- തുക 40,000/-

2018 ഫെബ്രുവരി മാസത്തിൽ പത്തു ദിവസത്തെ കോച്ചിങ്ങിനുള്ള പ്രതിഫലമായി ശ്രീ പീതാംബരന് ഇരുപതിനായിരം രൂപ ബാങ്ക് അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. ശ്രീജിത്ത്, ലിയോ എന്നീ സഹപരീശീലകൻമാർക്ക് പതിനായിരം രൂപ വീതം നൽകിയതായി വൗച്ചർ വെച്ചിട്ടുണ്ട്. എന്നാൽ ഇരുപതിനായിരം രൂപയും ശ്രീജിത്ത്.ഇ.ബിയുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുകയാണ് ചെയ്തിരിക്കുന്നത്. ശ്രീ. ലിയോയുടെ അക്കൗണ്ടിലേക്കാണ് പതിനായിരം നൽകേണ്ടത് എന്നിരിക്കെ ശ്രീജിത്തിന് മുഴുവൻ തുകയും നൽകിയതിന്റെ ഉദ്ദേശം വ്യക്തമല്ല. മാത്രമല്ല ഫെബ്രുവരി മാസത്തിൽ അറ്റൻഡൻസ് രജിസ്റ്റർ പ്രകാരം എട്ടു ദിവസമേ പരിശീലനം നടന്നിട്ടുള്ളൂ. എട്ടു ദിവസത്തിന് പകരം പത്തു ദിവസത്തെ പ്രതിഫലം നൽകിയതു വഴി എണ്ണായിരം രൂപ അധികം നൽകിയിട്ടുണ്ട്. അക്കൗണ്ടിൽ വ്യക്തതയില്ലാത്ത പതിനായിരം രൂപയുടെ ചിലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. കൂടാതെ അധികം നൽകിയ 8,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് ബ്ലോക്ക് പഞ്ചായത്ത് മറുപടി നൽകിയിട്ടുണ്ട്. സാംഖ്യ വെബിൽ പേര് ഉൾപ്പെടുത്താൻ കഴിയാത്തതുമൂലമാണ് ആദ്യപരാമർശത്തിലെ 27,000/- രൂപ വൈസ് പ്രസിഡണ്ട് ശ്രീ ബൈജുവിന് നൽകിയത് എന്നും ശ്രീ ബൈജു തുക അഡ്വാൻസായി നൽകി എന്നും പറഞ്ഞിരിക്കുന്നു. ഓഡിറ്റ് ഈ മറുപടി അംഗീകരിക്കുന്നില്ല. ഈ ബിൽ പ്രകാരം ആകെ 2,99,751/- രൂപ പത്തുപേരുടെ ബാങ്ക് അക്കൗണ്ടിലേക്കാണ് ട്രാൻസ്ഫർ ചെയ്തിട്ടുള്ളത്. പത്തു പേർക്ക് സാംഖ്യ വെബ് പ്രകാരം ചെയ്യാമെന്നിരിക്കെ ഈ രണ്ടു പേർക്ക് മാത്രം കഴിയാതെ വന്നതെന്ത് എന്ന് വ്യക്തമാക്കിയിട്ടില്ല. മാത്രമല്ല ഇവർ പണം കൈപ്പറ്റിയതായി പറയുന്ന കൈപ്പറ്റ് രസീതിയിൽ ക്ഷമതയുള്ള ഒരുദ്യോഗസ്ഥനും സാക്ഷ്യപ്പെടുത്തി അംഗീകരിച്ചിട്ടില്ല. രസീതിയുടെ പകർപ്പ് ഓഡിറ്റ് റിപ്പോർട്ടിനൊപ്പം തെളിവായി ചേർത്തിരിക്കുന്നു. വൈസ് പ്രസിഡണ്ട് മുൻകൂർ ആവശ്യപ്പെട്ടതായോ, മുൻകൂർ തുക അദ്ദേഹത്തിന് നൽകിയതായോ രേഖയില്ല. അദ്ദേഹം മുൻകൂർ സെറ്റിൽ ചെയ്തതായും രേഖയില്ല.

രണ്ടാമത്തെ മറുപടിയിലും സാംഖ്യ വെബ്ബിൽ ബെനിഫിഷറി ഡിറ്റെയിൽസ് ഉൾപ്പെടുത്താൻ കഴിയാത്തതുകൊണ്ടാണ് എന്ന് ചേർത്തിട്ടുണ്ട്. ആദ്യ ബിൽ തിയ്യതി 23/01/2018 നും രണ്ടാമത് ബിൽ തിയ്യതി 21/02/2018 നുമാണ്. ആദ്യബിൽ പ്രകാരം മുപ്പതിനായിരം രൂപ ശ്രീ പീതാംബരന്റെ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. വസ്തുത ഇതായിരിക്കെ രണ്ടാമത് ബിൽ പ്രകാരം ശ്രീ പീതാംബരന് അക്കൗണ്ടിലേക്ക് പണം നൽകാൻ ബെനഫിഷറി ഉൾപ്പെടുത്താൻ പറ്റാത്തതുകൊണ്ടാണ് എന്നവിശദീകരണം നിലനിൽക്കുന്നതല്ല. തുക ഹെഡ്ക്ലർക്ക് അഡ്വാൻസ്ചെയ്തു കൊണ്ടാണ് അദ്ദേഹത്തിന് നൽകിയത് എന്നും മറുപടിയിൽ ചേർത്തിട്ടുണ്ട്. ഹെഡ്ക്ളാർക്ക് അഡ്വാൻസ് ആവശ്യപ്പെട്ടതായോ, അദ്ദേഹത്തിന് അത് നൽകിയതായോ രേഖയില്ല.

മൂന്നാമത് മറുപടിയിൽ അറ്റൻഡൻസ് രേഖപ്പെടുത്താൻ വിട്ടുപോയതാണ് എന്ന് ചേർത്തിരിക്കുന്നു. ഓഡിറ്റ് ഇത് അംഗീകരിക്കുന്നില്ല. രേഖപ്പെടുത്തിയ അറ്റൻഡൻസിന് മാത്രമേ പ്രതിഫലം നൽകാൻ വ്യവസ്ഥയുള്ളൂ.

# 3-2 ബ്ലോക്ക് ഹാൾ നവീകരണം പഞ്ചായത്ത് കമ്മിറ്റി വ്യക്തമായ കാരണം ചേർക്കാതെ താഴ്ന്ന ടെൻഡർ തള്ളി.

പ്രോജക്ട്. നമ്പർ.110/18

പ്രോജക്ട് . ബ്ലോക്ക് പഞ്ചായത്ത് ഹാൾ നവീകരണം.

ടെൻഡർ നോട്ടീസ് നമ്പർ. 6/Sec/2017-18

ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ എ.സി പിടിപ്പിക്കുന്നതിനായി മേൽപ്രകാരം ടെൻഡർ ക്ഷണിക്കുകയും താഴെ ചേർക്കും പ്രകാരം ടെൻഡർ ലഭിക്കുകയും ചെയ്തിട്ടുണ്ട്.

| ക്രമ നമ്പർ | ടെൻഡർ സമർപ്പിച്ചയാൾ | ക്വോട്ട് ചെയ്ത നിരക്ക് | സമർപ്പിച്ച തിയ്യതി |
|---|---|---|---|
| 1 | ആതിര.സി.എസ് | 9.6 % കുറവ് | 13-11-2017 |
| 2 | ജോർജ് ആന്റണി | എസ്റ്റിമേറ്റ് നിരക്ക് | 13-11-2017 |
| 3 | ബിൻസൻ ജോസഫ് | 9% കൂടുതൽ | 13-11-2017 |
| 4 | മെർക്കുറി ഇലക്ട്രിക്കൽ കോർപറേഷൻ തൃശ്ശൂർ | 4% കുറവ് | 13-11-2017 |

15-11-2017 ലെ ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി തീരുമാനം നമ്പർ ആറായി ഏറ്റവും കുറവ് രേഖപ്പെടുത്തി എന്ന കാരണത്താൽ മെർക്കുറി ഇലക്ട്രിക്കൽ കോർപറേഷൻ എന്ന സ്ഥാപനത്തിന് ടെൻഡർ നൽകി അംഗീകരിച്ചു. എന്നാൽ ആതിര സി.എസ് എന്നയാൾ 9.6 % കുറവിൽ രേഖപ്പെടുത്തിയ ടെൻഡർ നിരസിക്കുന്നതായോ, എന്തു കൊണ്ട് നിരസിച്ചു എന്നോ കമ്മിറ്റി തീരുമാനമെടുത്തിട്ടില്ല. ഏറ്റവും കുറഞ്ഞ ടെൻഡർ ആതിരയുടേതായിരിക്കെ ആയത് നിരസിച്ചതിന്റെ സാധുതയെന്ത് എന്ന ഓഡിറ്റ് അന്വേഷണത്തിന് ശ്രീമതി.ആതിര ലൈസൻസ്ഡ് കോൺട്രാക്ടർ അല്ലാത്തതിനാലാണ് എന്ന് മറുപടി നൽകിയിട്ടുണ്ട്. ഏറ്റവും കുറഞ്ഞ ടെൻഡർ നിരസിക്കുന്നതിനുള്ള തീരുമാനത്തിൽ തന്നെ ഇക്കാര്യം വെളിപ്പെടുത്തണമെന്നിരിക്കെ അപ്രകാരം ചെയ്തുകാണുന്നില്ല. നടപടിക്രമങ്ങൾ സുതാര്യവും ക്രമപ്രകാരവും ആയിരിക്കാൻ ബന്ധപ്പെട്ടവർ ശ്രദ്ധ ചെലുത്തേണ്ടതാണ് എന്ന് ഓഡിറ്റിൽ അഭിപ്രായപ്പെടുന്നു.

# 3-3 2017-18 വർഷം നടപ്പിലാക്കിയ ഭവനപദ്ധതികളുമായി ബന്ധപ്പെട്ട പ്രധാന പോരായ്മകൾ ചുവടെ ചേർക്കുന്നു.

1. പി.എം.എ.വൈ ജനറൽ, പി.എം.എ.വൈ എസ്.സി.പി എന്നീ രണ്ടു പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്. ആദ്യ പ്രോജക്ടിന് 6,24,000/- രൂപയും രണ്ടാമത്തെ പ്രോജക്ടിന് 2,84,000/- രൂപയും ചെലവിട്ടിട്ടുണ്ട്. എന്നാൽ കെട്ടിടനിർമ്മാണ ധനസഹായത്തിനുള്ള അപേക്ഷയോടൊപ്പം ഭവന നിർമ്മാണ ഗുണഭോക്താക്കൾ കെട്ടിട നിർമാണത്തിനുള്ള ഗ്രാമപഞ്ചായത്തിൽ നിന്നുള്ള എൻ.ഒ.സി ഹാജരാക്കിയിട്ടില്ല.

2. പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം ലൈഫ് മിഷൻ 2017 (എസ്.ടി), പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം ലൈഫ് മിഷൻ 2017 (എസ്.സി), പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം ലൈഫ് മിഷൻ 2017 (ജനറൽ) എന്നിവക്കായി യഥാക്രമം 833808, 4079179, 647349 എന്നിങ്ങനെ തുക ചിലവാക്കിയിട്ടുണ്ട്. സർക്കാർ ഉത്തരവ് എം.എസ് നമ്പർ.80/2017/ത.സ്വ.ഭ.വ, തിയതി.03/04/2017 ഖണ്ഡിക 8-6-6 പ്രകാരം തറവിസ്തീർണ്ണം അറുപതു ചതുരശ്രമീറ്ററിൽ കവിയാത്ത വീടുകൾക്കേ ഭവനനിർമ്മാണത്തിനായുള്ള അധിക ധനസഹായം നൽകാവൂ എന്നിരിക്കെ ഇക്കാര്യം തെളിയിക്കുന്ന രേഖകളോ, സാക്ഷ്യപ്പെടുത്തലുകളോ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഇത്തരം രേഖകൾ ഭാവിയിൽ അപേക്ഷ പരിഗണിക്കുമ്പോൾ ഉറപ്പാക്കണമെന്ന് ഓഡിറ്റിൽ അഭിപ്രായപ്പെടുന്നു.

# 3-4 യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല.

1. താഴെ ചേർക്കുന്ന പ്രൊജക്ടുകളുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

| പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | ബിൽ നമ്പർ/ തിയ്യതി | തുക | ആർക്ക് നൽകി എന്ന് |
|---|---|---|---|---|
| 6/18 | മുചക്രവാഹനം ബ്ലോക്ക് വിഹിതം | 26/17-18 dt.21/07/17 | 500000 | കൊടകര ഗ്രാമപഞ്ചായത്ത് |
| 13/18 | സദ്ഭരണം | 24/17-18 dt.20/07/17 | 58,888 | IKMഗ്രൂപ്പ് എക്സിക്യൂട്ടീവ് ഡയറക്ടർ |

2.വളയാംകുളം എൽ.ഐ മോട്ടോർ സ്ഥാപിക്കലും വൈദ്യുത കണക്ഷൻ ലഭ്യമാക്കലും.

പ്രോജക്ട് നമ്പർ.s0128/18

ബിൽ നമ്പർ.78/17-18 തിയ്യതി. 09.12.2017

ബ്ലോക്ക് പഞ്ചായത്ത് കെ.എസ്.ഇ.ബി യുമായി ചേർന്ന് വച്ച എഗ്രിമെന്റ്, 1,10,991/- രൂപ ഇലക്ട്രിക്കൽ സെക്ഷന് കൈമാറിയതിന്റെ രസീതി, യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കേണ്ടതാണ്.
ആകെ തുക 6,69,879/- രൂപ തടസ്സപ്പെടുത്തുന്നു.

3.താഴെ ചേർക്കുന്ന പ്രോജക്ടുകളുടെ കാലാവധി അവയുടെ എഗ്രിമെന്റ് പ്രകാരം 31-12-2018 നാണ്. കാലാവധി തീരുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രങ്ങൾ ഹാജരാക്കേണ്ടതാണ്.

| പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | ബിൽ നമ്പർ/ തിയ്യതി | തുക | ആർക്ക് നൽകി എന്ന് |
|---|---|---|---|---|
| 109/18 | കല്ലൂർ നായനാർ എസ്.സി കോളനി കുടിവെള്ള പദ്ധതി | 46/17-18 dt.27/09/17 | 656000 | കേരള വാട്ടർ അതോറിറ്റി പി.എച്ച് ഡിവിഷൻ. ഇരിഞ്ഞാലക്കുട |
| 18/18 | എച്ചിപ്പാറ കുടിവെള്ള പദ്ധതി | 163/17-18 dt.28/12/18 | 700000 | -do- |
| 108/18 | ഇഞ്ചക്കുണ്ട് പൈപ്പ് ലൈൻ എക്സ്റ്റൈഷൻ | 62/17-18 dt.30.10.17,47/17-18 dt.27.09.2017 | 70000, 610000 | -d0- |

# 3-5 കില ഡയറക്ടർക്ക് തുക നൽകി വിശദാംശങ്ങളില്ല.

എം.ജി.എൻ.ആർ.ഇ.ജി.എ.യുടെ നീർത്തട മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിലേക്കായി താഴെ ചേർക്കും പ്രകാരം ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്നും കില ഡയറക്ടറുടെ പേരിൽ തുക നൽകിയിട്ടുണ്ട്. ഇതു പ്രകാരം മാസ്റ്റർപ്ലാൻ സ്ഥാപനത്തിന് ലഭിച്ചുവോ എന്ന് വ്യക്തമല്ല. വിശദാംശങ്ങൾ ലഭിക്കുന്നതു വരെ ചെലവു തുക 1,95,000/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

| ബിൽ നമ്പർ/അടങ്കൽ | തിയ്യതി | തുക |
|---|---|---|
| 268/17-18/118342 | 21/11/17 | 97500 |
| 275/17-18/97500 | 21/11/17 | 97500 |

# 3-6 താലൂക്ക് ആശുപത്രിയിലേയ്ക്ക് മരുന്നും റീയേജന്റുകളും വാങ്ങൽ

പദ്ധതി നം. 35/2018

നിർവ്വഹണ ഉദ്യോഗസ്ഥൻ മെഡിക്കൽ ഓഫീസർ. സിഎച്ച്സി, പുതുക്കാട്

അടങ്കൽ 5,00,000/-

ചെലവ് 4,50,000/- ബിൽ നം. 1)4,00,000/- .തിയ്യതി 28-9-2017

ബിൽ നം. 3) 50,000/- . തിയ്യതി 23-10-2017

താലൂക്ക് ആശുപത്രിയിലേയ്ക്ക് മരുന്നും റീയേജന്റുകളും വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് മേൽ നം ബില്ലുകൾ പ്രകാരം യഥാക്രമം 4,00,000/- രൂപയും 50,000/- രൂപയും കൈമാറിയിട്ടുണ്ട്. റീയേജന്റുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. മരുന്നുകൾ ഇതുവരെയും ലഭ്യമായിട്ടില്ല. മരുന്നുകൾ ലഭ്യമാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-7 ഓട്ടിസം പാർക്ക്

പദ്ധതി നം 62/2018

നിർവ്വഹണ ഉദ്യോഗസ്ഥ – സിഡിപിഒ, കൊടകര ബ്ലോക്ക് പഞ്ചായത്ത്

പദ്ധതി അടങ്കൽ 6,19,575/-

പദ്ധതി ചെലവ് 1,67,350/- ബിൽ നം. 1/11.7.2017 - 1,67,350/-

2017-18 സാമ്പത്തിക വർഷം ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കിയ ഓട്ടിസം പാർക്ക് എന്ന പ്രൊജക്ടിൽ കുട്ടികൾക്ക് തെറാപ്പി ഉപകരണങ്ങൾ വാങ്ങിക്കുന്നതിനായി 1,67,350/- രൂപ ചെലവഴിച്ചിട്ടുണ്ട്. 2016-17 വർഷത്തെ പദ്ധതി സ്പിൽ ഓവറായി 2017-18 ൽ നടപ്പിലാക്കുകയാണുണ്ടായത്. 2016-17ൽ 80,425/- രൂപ ചെലവഴിച്ചിരുന്നു. എന്നാൽ ഓട്ടിസം പാർക്ക് ബ്ലോക്ക് പഞ്ചായത്ത് സ്ഥാപനമോ ബ്ലോക്ക് പഞ്ചായത്തിന് കൈ മാറികിട്ടിയ സ്ഥാപനമോ അല്ല. ഈ സ്ഥാപനത്തിനുവേണ്ടി വികസന ഫണ്ട് ചെലവഴിക്കുന്നതിന് നിലവിൽ സർക്കാർ ഉത്തരവുകളൊന്നും ലഭ്യമല്ല. 2016-17 ൽ നൽകിയ സപ്ലൈ ഓർഡറനുസരിച്ചാണ് തെറാപ്പി ഉപകരണങ്ങൾ ലഭ്യമാക്കിയിട്ടുള്ളത്. ഇതേ തുടർന്ന് കൊടകര ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഈ കാര്യം

ചൂണ്ടിക്കാണിച്ച് വികേന്ദ്രീകാസൂത്രണ സംസ്ഥാനതല കോ ഓർഡിനേഷൻ കമ്മിറ്റിയ്ക്ക് കത്ത് നല്കിയിയിരുന്നു.

23.8.2017 ൽ നടന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാന തല കോ ഓർഡിനേഷൻ കമ്മിറ്റിയുടെ (20/2017/SPG/CC)3-12 പ്രകാരം ഈ പദ്ധതി ഗ്രാമപഞ്ചായത്ത് മുഖേന നടപ്പാക്കണമെന്നും ഈ സ്ഥാപനത്തെ കുടുംബശ്രീ മുഖേന ബഡ്സ് സ്കൂൾ ആക്കി ഉയർത്തുന്നതിനുവേണ്ട നടപടി സ്വീകരിക്കണമെന്നും മേൽ തീരുമാനിച്ചിട്ടുണ്ട്. ആയതിനാൽ മേൽ തീരുമാനപ്രകാരം ഇത്തരം പദ്ധതികൾ ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുക്കേണ്ടതില്ല.

# 3-8 പെയിൻ ആന്റ് പാലിയേറ്റീവ് കെയർ പദ്ധതി

പദ്ധതി നം. 35/2018

നിർവ്വഹണ ഉദ്യോഗസ്ഥൻ മെഡിക്കൽ ഓഫീസർ -സിഎച്ച്സി, പുതുക്കാട്

അടങ്കൽ 7,00,000/-

ചെലവ് 5,22,056/-

ബിൽ നം. 2)410210. തിയ്യതി 23-10-2017

2017-18 സാമ്പത്തിക വർഷത്തിൽ പെയിൻ ആന്റ് പാലിയേറ്റീവ് കെയർ പദ്ധതി നടപ്പിലാക്കുന്നതിലേയ്ക്ക് മരുന്ന് വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് മേൽ ബില്ലിൽ മാറിയ തുകയിൽ 4,00,000/- രൂപ കൈമാറിയിട്ടുണ്ട്. മരുന്നുകൾ ഇതുവരെയും ലഭ്യമായിട്ടില്ല. മരുന്നുകൾ ലഭ്യമാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-9 ബ്ളോക്ക് പഞ്ചായത്തിന്റെ ചുമതലകളിൽ ഉൾപ്പെടാത്ത പ്രവർത്തികളുടെ നിർവ്വഹണം-സർക്കാർ അനുമതി ലഭ്യമാക്കിയില്ല.

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 172 ാം വകുപ്പ് 1ാംഉപവകുപ്പ് 4ാംപട്ടിക പ്രകാരം ബ്ളോക്ക് പഞ്ചായത്തിന് നിർവ്വഹണം നടത്താവുന്ന പ്രവർത്തികളെ സംബന്ധിച്ച് സൂചിപ്പിച്ചിട്ടുണ്ട്. ആയതിൽ ഉൾപ്പെടാത്ത പ്രവർത്തികൾ 2017-18 വർഷം നടപ്പിലാക്കിയിട്ടുണ്ട്.

| ക്രമ നമ്പർ | പദ്ധതി നമ്പർ | പദ്ധതിയുടെ പേര് | അടങ്കൽ തുക |
|---|---|---|---|
| 1 | 56/17 | കൊടകര പഞ്ചായത്ത്-ബസ് സ്റ്റാന്റ് ലേഡീസ് ടോയ്ലറ്റ് നിർമ്മാണം | 5,00,000/- |
| 2 | 58/17 | കൊടകര പഞ്ചായത്ത്-കൊടകര ഗവ.ഗേൾസ് ഹയർ സെക്കന്ററി സ്കൂൾ ടോയ്ലറ്റ് നിർമ്മാണം | 5,00,000/- |
| 3 | 65/17 | കൊടകര പഞ്ചായത്ത്-ഗവ.എൽ.പി സ്കൂൾ പുലിപ്പാറക്കുന്ന് ടോയ്ലറ്റ് നിർമ്മാണം | 5,00,000/- |
| 4 | 67/17 | കൊടകര പഞ്ചായത്ത്-കാവ്വൂർ-കൊടകര പകൽവീട് നിർമ്മാണം | 5,00,000/- |
| 5 | 48/17 | അളഗപ്പനഗർ പഞ്ചായത്ത്-ഗവ.ഗേൾസ് ഹയർ സെക്കന്ററി സ്കൂൾ ഫ്രണ്ട്ലി ടോയ്ലറ്റ് നിർമ്മാണം | 5,00,000/- |
| 6 | 51/17 | അളഗപ്പനഗർ പഞ്ചായത്ത്-പുതുക്കാട് KSRTCബസ് സ്റ്റാന്റ് ടോയ്ലറ്റ് നിർമ്മാണം | 5,00,000/- |
| 7 | 49/17 | മറ്റത്തൂർ പഞ്ചായത്ത്-മറ്റത്തൂർ- ചെമ്പുച്ചിറ ഗവ.ഹയർ സെക്കന്ററി സ്കൂൾ ടോയ്ലറ്റ് നിർമ്മാണം | 5,00,000/- |
| 8 | 60/17 | മറ്റത്തൂർ പഞ്ചായത്ത്-മറ്റത്തൂർ -വെള്ളിക്കുളങ്ങര ടോയ്ലറ്റ് നിർമ്മാണം | 5,00,000/- |
| 9 | 61/17 | രന്തരപ്പിള്ളി ഗ്രാമ പഞ്ചായത്ത്-കോതേങ്കുളം എസ് സി കോളനി സാംസ്കാരിക നിലയം നിർമ്മാണം | 6,00,000/- |
| 10 | 63/17 | വരന്തരപ്പിള്ളി ഗ്രാമ പഞ്ചായത്ത്-കമ്മ്യൂണിറ്റി ഹാൾ ടോയ്ലറ്റ് നിർമ്മാണം | 6,00,000/- |
| 11 | 64/17 | വരന്തരപ്പിള്ളി ഗ്രാമ പഞ്ചായത്ത്-കണ്ണാറ്റുപാടം ഗവ.ഹയർ സെക്കന്ററി സ്കൂൾ ടോയ്ലറ്റ് സമുച്ചയം | 5,00,000/- |
| 12 | 66/17 | വരന്തരപ്പിള്ളി ഗ്രാമ പഞ്ചായത്ത്-ഗവ.യു.പി സ്കൂൾ,നന്ദിപുലം.ടോയ്ലറ്റ് നിർമ്മാണം | 5,00,000/- |
| 13 | 44/17 | പുതുക്കാട് ഗ്രാമ പഞ്ചായത്ത്-ചാക്കോച്ചിറ പകൽ വീട് | 5,00,000/- |
| 14 | 50/17 | തൃക്കൂർ ഗ്രാമ പഞ്ചായത്ത്-ആദൂർ എസ്.സി കോളനി | 6,00,000/- |

| | | | |
|---|---|---|---|
| | | വിദ്യാഭ്യാസ റിസോഴ്സ് സെന്റർ നിർമ്മാണം | |
| 15 | 54/17 | തൃക്കൂർ ഗ്രാമ പഞ്ചായത്ത്-സർവ്വോദയ ഗവ.ഹയർ സെക്കന്ററി സ്കൂൾ ഫോർ ഗേൾസ്-ഫ്രണ്ട്ലി ടോയ്‌ലറ്റ് നിർമ്മാണം | 5,00,000/- |
| 16 | 67/17 | നെൻമണിക്കര ഗ്രാമ പഞ്ചായത്ത്-തണൽ കോംപ്ലക്സ് അടുക്കള നിർമ്മാണം | 9,15,350/- |

മേൽ സ്ഥാപനങ്ങളിൽ ഭൂരിഭാഗവും ജില്ലാ പഞ്ചായത്തിന് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളാകയാൽ ജില്ലാ പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെടുന്നവയാണ്. ബ്ളോക്ക് പഞ്ചായത്തിന്റെ അധികാര പരിധിയിൽ ഉൾപ്പെടാത്ത മേൽ പ്രവർത്തികളുടെ നിർവ്വഹണം നടത്തണമെങ്കിൽ സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണ്. സർക്കാർ അനുമതി ഇല്ലാതെ പ്രവൃത്തി ഏറ്റെടുത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

# 3-10 ടെൻഡർ ഫോറങ്ങളുടെ വിൽപ്പന-തുക ലഭ്യമായിട്ടില്ല.

2017-18 വർഷം ടെൻഡർ ഫോറം(ഇ-ടെൻഡർ)വിൽപ്പന ഇനത്തിൽ 1,93,550/- രൂപ എൽ.എസ്.ജി.ഡി എക്സി.എഞ്ചിനീയറിൽ നിന്നും ലഭിക്കാനുണ്ട്. തുക ലഭ്യമാക്കി ആയതിന്റെ വിവരം അറിയിക്കേണ്ടതാണ്.

# 3-11 ഗ്രാമപഞ്ചായത്തും ബ്ളോക്ക്പഞ്ചായത്തും ഒരേ പദ്ധതികൾ ഏറ്റെടുത്തു-ആവർത്തനം

ബ്ളോക്ക് പഞ്ചായത്തിന്റെ 2017-18 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രോജക്റ്റ് നം.48/18 'കാവനാട് കോളനി സാംസ്കാരികനിലയം' എന്ന പദ്ധതിയ്ക്ക് കരാറുകാരൻ പദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനായി സ്ഥലം സന്ദർശിച്ചപ്പോൾ മറ്റത്തൂർ ഗ്രാമപഞ്ചായത്ത് ഇതേ പദ്ധതി 2017-18 വർഷത്തിൽ നടപ്പിലാക്കുന്നതായി അറിയിച്ചു. ബ്ളോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 05.01.2018 തിയതിയിലെ തീരുമാനത്തിൽ മേൽ പ്രവൃത്തി ബ്ളോക്ക് പഞ്ചായത്ത് നിർവ്വഹണം നടത്തുന്നതായി ഗ്രാമപഞ്ചായത്തിനെ അറിയിച്ചതായി സൂചനയുണ്ട്. ഇതുമായി ബന്ധപ്പെട്ട് ബ്ളോക്ക് പഞ്ചായത്തിന്റെ കരാറുകാരനുണ്ടായ നഷ്ടം പരിഹരിക്കുവാൻ ഗ്രാമപഞ്ചായത്തിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.
1994 കേരള പഞ്ചായത്ത് രാജ് നിയമം 172ാം വകുപ്പ്, 1ാം ഉപവകുപ്പ്, 4ാം പട്ടികയിൽ ബ്ളോക്ക് പഞ്ചായത്തിന്റെ പൊതുവായ ചുമതലകളെപ്പറ്റി പരാമർശിക്കുന്നുണ്ട്. ആവർത്തനം ഒഴിവാക്കുന്നതിനായി ഗ്രാമപഞ്ചായത്തിന്റെ പദ്ധതികൾ കണക്കിലെടുത്ത ശേഷം മാത്രം ബ്ളോക്ക്പഞ്ചായത്ത് പദ്ധതികൾ തയ്യാറാക്കേണ്ടതാണ്.

# 3-12 കൃഷി അസി.ഡയറക്ടർ നടപ്പിലാക്കിയ പദ്ധതി-ഗ്രാമപഞ്ചായത്തുകളിൽ നിന്നും വിനിയോഗ വിവരം ലഭ്യമാക്കിയില്ല

സമഗ്ര നെൽകൃഷി വികസനം പദ്ധതിക്ക് (പദ്ധതി നം.ടoo 14/18) കൊടകര ബ്ളോക്ക് പഞ്ചായത്തിലെ 7 ഗ്രാമ പഞ്ചായത്തുകൾക്ക് കൈമാറിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

ബിൽ നമ്പർ 1/2017-18,തി.28.9.17

| ക്രമനമ്പർ | ഗ്രാമ പഞ്ചായത്ത് | തുക |
|---|---|---|
| 1 | കൊടകര | 1275000 |
| 2 | പുതുക്കാട് | 680000 |
| 3 | വരന്തരപ്പിള്ളി | 458422 |

ബിൽ നമ്പർ 2/2017-18, തി.30.10.17

| ക്രമനമ്പർ | ഗ്രാമ പഞ്ചായത്ത് | തുക |
|---|---|---|
| 1 | മറ്റത്തൂർ | 1955000 |
| 2 | തൃക്കൂർ | 170000 |

ബിൽ നമ്പർ 3/2017-18

| ക്രമനമ്പർ | ഗ്രാമ പഞ്ചായത്ത് | തുക |
|---|---|---|
| 1 | നെൻമണിക്കര | 110500 |
| | | |

| | | |
|---|---|---|
| 2 | അളഗപ്പനഗർ | 633794 |
| 3 | വരന്തരപ്പിള്ളി | 476578 |
| | ആകെ | 57,59,294/- |

വിനിയോഗ വിവരം ലഭ്യമാക്കുന്നത് വരെ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

# 3-13 മുൻകൂറുകൾ ക്രമീകരിച്ചിട്ടില്ല.

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ജനറൽ പർപ്പസ് ഗ്രാന്റ്/തനതുഫണ്ട് അക്കൗണ്ടിൽ നിന്നും മുൻകൂറുകൾ നൽകിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ബിൽ നമ്പർ/ തിയതി | നിർവ്വഹണ ഉദ്യോഗസ്ഥൻ | തുക |
|---|---|---|---|
| 1 | 153/17-18,5/07/2017 | സൂപ്രണ്ട്, സിഎച്ച്സി, മറ്റത്തൂർ | 1,50,000 |
| 2 | ,, | സൂപ്രണ്ട്, താലൂക്ക് ഹോസ്പിറ്റൽ, പുതുക്കാട് | 1,50,000 |
| 3 | ,, | സിഡിപിഒ | 8971 |
| 4 | 212/17-18,26/09/2017 | ,, | 15,680 |
| 5 | ,, | സൂപ്രണ്ട്, താലൂക്ക് ഹോസ്പിറ്റൽ, പുതുക്കാട് | 1,00,000 |
| 6 | 353/17-18,01/03/18 | സെക്രട്ടറി(ലൈഫ് ട്രെയിനിംഗ് | 15,000 |
| 7 | 366/17-18,01/03/2018 | ,, | 6,000 |

മുൻകൂറുകൾ ക്രമീകരിച്ച് അറിയിക്കേണ്ടതാണ്(എൻക്വയറി നമ്പർ 11/11.12.2018).

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

# 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ല പഞ്ചായത്ത് | 2017-18 | 18174381 | PMAY ഭവനനിർമ്മാണം | 51,29,375 | 3182299 |
| ഗ്രാമ പഞ്ചായത്ത് | 2017-18 | 7507036 | പി.എം.എ.വൈ | 4324737 | 3182299 |

# 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | വളയാംകുളം ലിഫ്റ്റ് ഇറിഗേഷൻ | 78/17-18 തീയതി 09/12/2017 | 1,10,991 | - | 1,10,991 |
| കേരള വാട്ടർ അതോറിറ്റി | എച്ചിപ്പാറ ലിഫ്റ്റ് കുടിവെള്ള പദ്ധതി | 163/17-18 തിയതി 28.12.2018 | 700000 | - | 700000 |
| കേരള വാട്ടർ അതോറിറ്റി | ഇഞ്ചക്കുണ്ട് പൈപ്പ് ലൈൻ | 62/17-18 തിയതി 30.10.2017 | 6840000 | 0 | 6840000 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | കല്ലൂർ നായരങ്ങാടി എസ്.സി.കോളനി കുടിവെള്ള പദ്ധതി | 46/17-18 തീയതി 20.09.2017 | 656000 | 0 | 656000 |
| | | | | ആകെ | 83,06,991/- |

കുറിപ്പ് :- 83,06,991/- രൂപ നീക്കിയിരിപ്പുണ്ടെങ്കിലും B18 ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടില്ല.

# 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

# 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല.

# 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

# 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

# 4-7 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

1999-2000 മുതൽ 2001-2002 ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട പാഴ്നിലം കൃഷിക്ക് ഉപയുക്തമാക്കൽ പദ്ധതി പ്രകാരം 45,651/- രൂപ ആ കാലഘട്ടത്തിലെ കൃഷി അസിസ്റ്റൻ്റ് ഡയറക്ടറായിരുന്ന സി.എസ്.ഷൈലക്ക് സർചാർജ്ജ് സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്.

# 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

ഇല്ല.

# 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്തവിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 8,27,80,056 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 9,38,17,179 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 15,000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 66,76,173 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിൻ്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നത് | സർചാർജ്ജ് ചെയ്യാവുന്നത് | |
| 3-1(എ) | | 7000 | ശ്രീമതി.സൂസമ്മ ഐസക്, സെക്രട്ടറി |
| 3-1(സി) | | 8000 | ശ്രീമതി.സൂസമ്മ ഐസക്, സെക്രട്ടറി |

സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 52,000 | ശ്രീമതി.സൂസമ്മ ഐസക്, സെക്രട്ടറി |
| 3(4)-1, 2 | 6,69,879 | ശ്രീമതി.സൂസമ്മ ഐസക്, സെക്രട്ടറി |
| 3-5 | 1,95,000 | ശ്രീമതി.സൂസമ്മ ഐസക്, സെക്രട്ടറി |
| 3-12 | 57,59,294 | ശ്രീമതി.രമ.കെ.നായർ, അസിസ്റ്റൻ്റ് ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ |

**(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല.

**(ഇ)നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല.

**(എഫ്)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈവകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1995-96,96-97,97-98 | എൽ.എഫ്.ടി16-704/99തീയതി 22.3.99 |
| 98-99വരവ്-ചെലവ് | എൽ.എഫ്.ടി16-339/00തീയതി.2.6.00 |
| 1999-00പദ്ധതി വിഹിതം | എൽ .എഫ്. ടി9 -56/04/ തീയതി.11.03.04/7.7.04 |
| 1999-00 | എൽ.എഫ്.ടി21-2204/07തീയതി 21.11.06 |
| 2000-01 | എൽ.എഫ്.ടി21-2205/07തീയതി 21.11.06 |
| 01-02 | എൽ.എഫ്.ടി21-2206/07തീയതി21.11.06 |
| 02-03 | എൽ.എഫ്.ടി21- 2570/07തീയതി 21.02.09 |
| 03-04 | എൽ.എഫ്.ടി21-2571/07തീയതി21.02.09 |
| 04-05 | എൽ.എഫ്.ടി21-2624/07-തീയതി 21.02.09 |
| 05-06 | എൽ.എഫ്.ടി.21-2714/07തീയതി 21.02.09 |
| 06-07 | എൽ.എഫ്.ടി(ബി.പി) 537/11തീയതി 26.09.11 |
| 07-08 | എൽ.എഫ്.ടി(ബി.പി)538/11 തീയതി.26.09.11 |
| 08-09 | എൽ.എഫ്.ടി(ബി.പി)-539/11തീയതി26.09.11 |
| 2009-10 | എൽ.എഫ്.ടി(ബി.പി)540/11തീയതി26.09.11/8.12/11 |
| 2010--11 | എൽ.എഫ്.ടി(ബി.പി) 2236/12/തീയതി15.2.13/5.6.13 |
| 2011-12 | എൽ.എഫ്.ടി(ബി.പി) 218/13തീയതി 15.04.13/3.8.13 |
| 2012-13 | എൽ.എഫ്.ടി(ബി.പി) 1365/14തീയതി.12.11.14/5.12.14 |
| 2013-14 | നം കെ.എസ്.എ.ടി.എസ്.ആർ (BP)368/15/ തിയ്യതി 09.07.15, 09.10.15 |
| 2014-15,2015-16 | നം കെ.എസ്.എ.ടി.എസ്.ആർ (BP2)642/17/ തിയ്യതി 18.05.2017 |
| 2016-17 | നം.കെ.എസ്.എ.ടി.എസ്.ആർ (ബി.പി2)1068/2017 തിയതി.11.07.2017 |

ജോയിന്റ് ഡയറക്ടർ.
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ.

# അനുബന്ധം-1 ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(6) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 [2007ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 60] എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രേളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും കൊടകര ബ്ളോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധ കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ജോയിന്റ് ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം -2 ഓഡിറ്റ് സംക്ഷിപ്തം

| സംക്ഷിപ്തം(AuditedAbstract) | |
|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് |
| 3 | ബാലൻസ് ഷീറ്റ് |

ജോയിന്റ് ഡയറക്ടർ

ജില്ല ഓഡിറ്റ് കാര്യാലയം,തൃശ്ശൂർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്